# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5133 — 02-07-2013-ൽ മറുപടിക്ക്

### വൈദ്യുതി ബോർഡിൽ ജോലിക്കിടെ മരണപ്പെട്ടവരുടെ വിവരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി ബോർഡിൽ വിവിധ തൊഴിലുകളിൽ ഏർപ്പെടുമ്പോൾ ഷോക്കേറ്റും മറ്റ് കാരണങ്ങളാലും മരണപ്പെട്ടവർ എത്ര; ചികിത്സ തേടിയവരും ചികിത്സയിൽ തുടരുന്നവരും എത്ര;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ വൈദ്യുതി ബോർഡിൽ ജോലിയിൽ ഏർപ്പെടുമ്പോൾ വൈദ്യുതാഘാതമേറ്റും മറ്റ് കാരണങ്ങളാലും മരണപ്പെട്ടവർ 63 പേർ, ചികിത്സ തേടിയവർ 96 പേർ, ചികിത്സയിൽ തുടരുന്നവർ 259 പേർ.

(ബി) ഇതിൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ എത്ര;അവർ ആരെല്ലാം;കെ.എസ്.ഇ.ബി. നിയോഗിച്ച കരാർ തൊഴിലാളികൾ എത്ര; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(ബി) മരണപ്പെട്ടവരുടെ എണ്ണം

| | |
|---|---|
| ബോർഡിലെ സ്ഥിരം ജീവനക്കാർ | 35 |
| കരാർ തൊഴിലാളികൾ | 28 |

ചികിത്സ തേടിയവരുടെ എണ്ണം

| | |
|---|---|
| സ്ഥിരം ജീവനക്കാർ | 82 |
| കരാർ തൊഴിലാളികൾ | 14 |

ചികിത്സയിൽ തുടരുന്നവർ

| | |
|---|---|
| സ്ഥിരം ജീവനക്കാർ | 183 |
| കരാർ തൊഴിലാളികൾ | 76 |

വിശദവിവരം അനുബന്ധമായി ഉൾച്ചേർക്കുന്നു. മാരകമല്ലാത്ത അപകടം സംഭവിച്ചവരിൽ ഭൂരിഭാഗവും

(സി) ഇവർക്ക് കെ. എസ് . ഇ.ബി. (സി) എന്ത് സഹായങ്ങളാണ് നൽകിയത്; ചികിത്സ വേണ്ടവർക്ക് ചികിത്സാ സഹായം നൽകുന്നുണ്ടോ ; വിശദമാക്കുമോ ;

നിസ്സാരപരിക്ക് പറ്റിയവരാണ്

വൈദ്യുതി ബോർഡിൽ ജോലിചെയ്യുന്നതിടെ അപകടമോ മരണമോ സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നൽകുന്നത്. ഇപ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹതയുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ട ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് മൊത്തം 2,17,34,800 രൂപ (രണ്ട് കോടി പതിനേഴ് ലക്ഷത്തി മുപ്പത്തിനാലായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

. മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്തു വന്ന മരണപ്പെട്ട കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹതയുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 98,98,280 രൂപ (രൂപ തൊണ്ണൂറ്റി എട്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി ഇരുന്നൂറ്റി എൺപത് മാത്രം) അനുവദിച്ചിട്ടുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികൾക്ക് അപകടമോ അപകടമരണമോ

സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. ടി തുകയ്ക്കുള്ള ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ് മാരകമല്ലാത്ത അപകടം സംഭവിച്ച ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചും ബോർഡിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി ചികിത്സാ ചെലവുൾപ്പെടെ 69,00,382 രൂപ (അറുപത്തിയൊൻമ്പത് ലക്ഷത്തി മുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്തു വന്ന മാരകമല്ലാത്ത അപകടം സംഭവിച്ച കരാർ തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിയ്ക്കുന്നതിന് അർഹതയുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ വിവിധ രേഖകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ അർദ്ധമാസികാ വേതനമായി 1,55,286 രൂപ (ഒരു ലക്ഷത്തി അൻപത്തി അയ്യായിരത്തി ഇരുന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

അപകടത്തെ തുടർന്ന് ചികിത്സ

| | | | |
|---|---|---|---|
| | | | ആവശ്യമായി വരുന്ന ബോർഡ് ജീവനക്കാർക്ക് അവർ ലഭ്യമാക്കുന്ന ചികിത്സാ ചെലവുകളെ സംബന്ധിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ബോർഡിൽ നിലവിലുള്ള നിയമങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി പൂർണ്ണമായ ചികിത്സാ സഹായം നൽകി വരുന്നുണ്ട്.<br><br>എന്നാൽ മാരകമല്ലാത്ത അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്ക് ബോർഡിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ചികിത്സാ ചെലവ് നൽകാൻ നിർവാഹമില്ലാത്തതാകുന്നു. |
| (ഡി) | അപകടങ്ങളെക്കുറിച്ച് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും വോൾട്ടേജ് ഡിറ്റക്ടറും നൽകുന്നതുപോലെ കരാർ തൊഴിലാളികൾക്കും നൽകുന്നുണ്ടോ വ്യക്തമാക്കുമോ; | (ഡി) | കരാർ പ്രവൃത്തികളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്കും സുരക്ഷാ കാര്യങ്ങളിൽ പരിശീലനം നൽകുന്നുണ്ട് ഡിവിഷൻ തലത്തിലും സബ്ഡിവിഷൻ തലത്തിലും അതാത് സേഫ്റ്റി ഓഫീസറുടെ ചുമതലയിൽ നടത്തുന്ന സുരക്ഷാ ക്ലാസുകളിലും പരിശീലന പരിപാടികളിലും കരാർ തൊഴിലാളികളെയും പങ്കെടുപ്പിക്കാറുണ്ട്. |
| (ഇ) | ഇവ നൽകാത്തതും പ്രവൃത്തികൾക്ക് ഇൻസ്പെക്ഷൻ നടത്തേണ്ട ഉദ്യോഗസ്ഥർ സ്ഥലത്തില്ലാത്തതും അവരുടെ അനാസ്ഥയുമാണ് കരാർ തൊഴിലാളി കളുടെ അപകട മരണങ്ങൾക്ക് കാരണമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | ഉദ്യോഗസ്ഥരുടെ അനാസ്ഥ ചിലയിടങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ഈ സർക്കാർ, വന്നതിനു ശേഷം ഇത്തരത്തിലുള്ള അനാസ്ഥ കാട്ടിയതിന് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി | (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനാസ്ഥ കാണിച്ച 34 ഉദ്യോഗസ്ഥർക്കെതിരെ നടപടി |

| | | | |
|---|---|---|---|
| | സ്വീകരിച്ചു ; അവർ ആരെല്ലാം; വ്യക്തമാക്കുമോ; | | സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ജി) | ഇത്തരത്തിൽ മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ കുടുംബത്തിലെ ആശ്രിതരായ ഒരാൾക്ക് കെ.എസ്.ഇ.ബി.യിൽ സ്ഥിരം നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (ജി) | ബോർഡിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ബോർഡിലെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് മാത്രമേ ആശ്രിത നിയമനം ലഭിക്കുന്നതിന് അർഹതയുള്ളൂ. അപകടത്തിനിരയാകുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് ബോർഡിൽ സ്ഥിരം നിയമനം നൽകുന്ന കാര്യം സർക്കാരിന്റെ നയപരമായ തീരുമാനമാണ്. |

(signature)

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**